# സാമൂഹ്യപരിവർത്തനത്തിനു ഉതകണം

എൻ. വി. കൃഷ്ണവാര്യർ

**സാമൂഹ്യപരിവർത്തനം, ഇന്നത്തെ ചുറ്റുപാടിൽ, സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനമായിരുന്നേ മതിയാകൂ! വിദ്യാഭ്യാസം സോഷ്യലിസത്തിനു ഉതകുന്നതാണോ എന്നു പരിശോധിക്കേണ്ടതു് പ്രധാന കാര്യമാണ്. വിദ്യാഭ്യാസാസൂത്രണമെന്നതു് അദ്ധ്യാപകരുടേയും ക്ലാസ്സുമുറികളുടേയും സ്കൂളുകളുടേയും എണ്ണംകൂട്ടുക മാത്രമാണ് എന്ന ധാരണ തെറ്റാണ്. വിദ്യാഭ്യാസത്തിൽ മൌലികമായ ഒരു ഗുണപരിവർത്തനത്തെ അതു ലക്ഷ്യമാക്കണം.**

ഇന്ത്യയെപ്പോലുള്ള ഒരു പിൻനില രാജ്യത്തു് പാരമ്പര്യാധിഷ്ഠിത സമുദായത്തെ ആധുനികീകരിക്കുക വഴിയാണ് വിദ്യാഭ്യാസം സാമ്പത്തിക വികസനത്തിലേക്കു രാജ്യത്തെ നയിക്കേണ്ടതു്. എന്നാൽ വികസ്വര രാജ്യങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായം ആധുനികീകരണത്തെ സഹായിക്കുകയല്ല ചെയ്യുന്നതു് എന്നും, പലപ്പോഴും ആധുനികീകരണത്തെ തടയുകയാണ് ഇവിടങ്ങളിൽ നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ ഫലം എന്നും "ഏഷ്യൻ ഡ്രാമ" എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ ഗുന്നാർ മിർഡൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പുസ്തകാധിഷ്ഠിതവും ദേഹാദ്ധ്വാനവിമുഖവുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് വിദേശീയ ഭരണകർത്താക്കളിൽ നിന്നു് പൈതൃകമായി നമുക്കു ലഭിച്ചിട്ടുള്ളതും നാം അതേപടി പാലിച്ചു വരുന്നതും എന്നതാണിതിനു കാരണം. നിരക്ഷരതാ നിർമ്മാർജനത്തിലും, സാർവത്രികവും ആവശ്യമാത്ര ദീർഘവും പ്രയോജനോന്മുഖവുമായ പ്രാഥമിക വിദ്യാഭ്യാസത്തിലും ഊന്നുന്നതിനുപകരം നമ്മുടെ "ജനാധിപതികൾ" വർഗ്ഗഭേദത്തിനും വർഗ്ഗമേധാവിത്വത്തിനും വഴിവെക്കുന്ന ഏറെക്കുറെ നിഷ്പ്രയോജനമായ വരേണ്യവർഗ്ഗവിദ്യാഭ്യാസം നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടിയാണ് ദരിദ്രമായ ഈ രാജ്യത്തിലെ വിരളങ്ങളായ വിഭവങ്ങൾ ഇപ്പോഴും വിദ്യാഭ്യാസത്തിന്റെ പേരിൽ ധൂർത്തടിച്ചു കളയുന്നതു്. സാമൂഹ്യപരിവർത്തനത്തിനെതിരായ നിക്ഷിപ്ത താൽപര്യങ്ങളെ അരക്കിട്ടുറപ്പിക്കുന്ന തരത്തിലാണ് നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ പ്രവർത്തനമെന്നു് ആർക്കാണ് അറിയാത്തതു്?

## സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം

സാമൂഹ്യപരിവർത്തനം, ഇന്നത്തെ ചുറ്റുപാടിൽ, സോഷ്യലിസത്തിലേക്കുള്ള പരിവർത്തനമായിരുന്നേ മതിയാവൂ. വ്യക്തമായ അഞ്ചു് അടിസ്ഥാനനിബന്ധനകളിൽ സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തെ നമുക്കു നിർവ്വചിക്കാം. (1) ഉൽപാദനോപകരണങ്ങളുടെ മേൽ സമൂഹത്തിനു് ഉടമ, (2) ഉല്പാദന പ്രവർത്തനങ്ങളിൽ സമൂഹത്തിനു മുഴുവൻ പങ്കാളിത്തവും എല്ലാവരുടെയും മിതമായ ആവശ്യങ്ങളെങ്കിലും നിർവ്വഹിക്കുവാൻ സാധിക്കുമാറു് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സയൻസിന്റെയും സാങ്കേതികവിദ്യയുടേയും പൂർണ്ണമായ ഉപയോജനവും, (3) ഉൽപാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ ന്യായമായ വിഭജനം, (4) ഉൽപാദനവും വിഭജനവും നിയന്ത്രിക്കുന്നതിനു് പര്യാപ്തമായ സാമൂഹ്യ-രാഷ്ട്രീയ സംവിധാനം, (5) ഈ നാലു ഘടകങ്ങളും സംഭവ്യമാക്കിത്തീർക്കുന്ന ജനങ്ങളുടെ മാനസിക-സാംസ്കാരിക കാലാവസ്ഥ എന്നിവയാണ് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ അഞ്ചു് അടിസ്ഥാന നിബന്ധനകൾ. വിദ്യാഭ്യാസം സാമൂഹ്യപരിവർത്തനത്തിനു് ഉതകുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള ഉരകല്ലു്, ഈ നിബന്ധനകൾ നിലവിൽ വരുത്താൻ വിദ്യാഭ്യാസം സഹായിക്കുന്നുണ്ടോ എന്ന ചോദ്യമത്രേ. ഇത്തരമൊരു വ്യവസ്ഥിതിയിലേക്ക്, ഇന്നല്ലെങ്കിൽ അടുത്ത തലമുറയിലെങ്കിലും, വളരാൻ നമുക്കു കഴിയണമെങ്കിൽ ചുരുങ്ങിയതു് നാലു പരിഷ്കാരങ്ങളെങ്കിലും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉടൻ വന്നേ തീരൂ. ഈ പരിഷ്കാരങ്ങളൊന്നും പുതിയവയല്ല. വിദ്യാഭ്യാസക്കമ്മീഷൻ റിപ്പോർട്ടിന്റെ കാതലായ ഭൂപാംശകൾ അവയിലടങ്ങുന്നു. നമ്മുടെ പാർലിമെന്റ് അംഗീകരിച്ചിട്ടുള്ള ദേശീയ വിദ്യാഭ്യാസത്തിന്റെ സാരാംശവും ഇവതന്നെ.

## നിരക്ഷരതാ നിർമ്മാർജ്ജനം

നിരക്ഷരതാനിർമ്മാർജനത്തിനു നൽകേണ്ട പ്രാധാന്യമാണ് വിദ്യാഭ്യാസ വ്യവസ്ഥിതിയിലെ ആദ്യത്തെ പരിഷ്കാരമായി ഞാനുദ്ദേശിക്കുന്നതു്. ജനാധിപത്യത്തിന്റെ ആധാരശില സാർവത്രികമായ സാക്ഷരതയാകുന്നു. സാക്ഷരതയിൽ ഇന്ത്യയുടെ മുമ്പിലാണു് കേരളം എന്നു പറയാറുണ്ടെങ്കിലും, നൂറിനു് നാല്പതു പേർക്കും എഴുതാനും വായിക്കാനും അറിഞ്ഞുകൂടാ എന്ന വസ്തുത നാം സാധാരണയായി ഓർമ്മിക്കാറില്ല. 1951—ൽ കേരളത്തിൽ 81,20,000

നിരക്ഷരരുണ്ടായിരുന്നു. ഇരുപതുകൊല്ലം കഴിഞ്ഞു് 1971-ൽ നിരക്ഷരരുടെ സംഖ്യ 84,70,000 ആയി വർദ്ധിച്ചു. 6—11 പ്രായപരിധിയിലുള്ള കുട്ടികളിൽ 100 ശതമാനമല്ല, ഔദ്യോഗിക കണക്കുപ്രകാരം 108ശതമാനംതന്നെ, സ്കൂളിൽച്ചേർന്നിരിക്കുന്ന കേരളത്തിലാണു് നിരക്ഷരരുടെ നിരപേക്ഷ സംഖ്യയിലുള്ള ഈ വർദ്ധന എന്നു് ഓർക്കണം. ഇത്ര വമ്പിച്ച തോതിൽ നിരക്ഷരമായ ഒരു സമൂഹത്തിനു് ഉല്പാദനോപകരണങ്ങളുടെ മേൽ ഉടമയോ ഉല്പാദനത്തിൽ പങ്കാളിത്തമോ കൈ വരുന്നതെങ്ങിനെ? സ്കൂൾ തീരെ കാണാത്ത മുതിർന്ന നിരക്ഷരരുടെ കാര്യമാണു് മുകളിൽപ്പറഞ്ഞതു്. സ്കൂളിൽ ചേർന്ന ശേഷം ഒന്നോ രണ്ടോ കൊല്ലം കഴിഞ്ഞു് തോൽവി കൊണ്ടോ സാമ്പത്തികമായ കഴിവുകേടുകൊണ്ടോ സാമൂഹ്യമായ പിൻനില കൊണ്ടോ സ്കൂൾവിട്ടു പോരുന്നവരും, ക്രമേണ നിരക്ഷരതയിലേക്കു തിരികെ വഴുതിയിറങ്ങുന്നവരുമായ കുട്ടികളുടെ സംഖ്യ അമ്പരപ്പിക്കുന്നതത്രേ. കേരളത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന 100 കുട്ടികളിൽ 31 പേർ മാത്രമാണു് അഞ്ചാം ക്ലാസ്സിലെത്തുന്നതു് എന്നു് ഔദ്യോഗികക്കണക്കുകളിൽ കാണുന്നു. പത്താം ക്ലാസ്സിൽ എത്തുന്നതോ 8.2 പേർ മാത്രവും. ഇതിന്റെ അർത്ഥം സ്കൂളിൽ പ്രവേശിക്കുന്ന 100 കുട്ടികളിൽ നാലാം ക്ലാസ്സ് കടക്കാത്ത 69 പേർ ഏറെക്കുറെ പൂർണ്ണ നിരക്ഷരത്വത്തിലേക്കു മടങ്ങിപ്പോകുന്നു എന്നും എസ്. എസ്. എൽ. സി. പാസ്സാകാത്ത 92 പേർക്കു് അപര്യാപ്തമായ സാക്ഷരത്വം മാത്രമേ ലഭിക്കുന്നുള്ളു എന്നുമാണു്. ഒരാണ്ടിൽ കേരളത്തിലെ സ്കൂളുകളിൽ പ്രൈമറി വിഭാഗത്തിൽ നിന്നു് ഉതിർന്നു പോകുന്നവർ 3,67,778 ആണെന്നു് 1973 ജൂൺ 9-ലെ കേരളകൗമുദിയിൽ ഔദ്യോഗിക കണക്കുകൾ ഉദ്ധരിച്ചു പറഞ്ഞിരുന്നു.

കേരളത്തെ സംബന്ധിച്ച അർത്ഥഗർഭമായ ഏതു വിദ്യാഭ്യാസ പദ്ധതിയിലും പ്രാഥമ്യം നൽകേണ്ടതു് ഇവിടെ ഇപ്പോഴുള്ള എൺപത്തഞ്ചു ലക്ഷത്തോളം നിരക്ഷരരെ സാക്ഷരരാക്കുന്നതിനും, വിദ്യാലയങ്ങളിൽനിന്നു് കുട്ടികളുടെ ചോർച്ച മൂലം വർഷം തോറും നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന നിരക്ഷരത്വ വർദ്ധന (മുമ്പുദ്ധരിച്ച കണക്കു പ്രകാരം ആണ്ടുതോറും മൂന്നര ലക്ഷത്തിലേറെ പുതിയ നിരക്ഷരർ ഇവിടെ ഉണ്ടാവുന്നുണ്ടു്.) തടയുന്നതിനുമായിരിക്കണം എന്നതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകാൻ വഴിയില്ല. സ്കൂൾപ്രായം കഴിഞ്ഞ മുതിർന്നവർക്കിടയിൽ വിപുലമായ സാക്ഷരതാപ്രവർത്തനവും, 15 വയസ്സുവരെ പ്രായമുള്ള എല്ലാം കുട്ടികൾക്കും, സ്കൂളിനകത്തു സാദ്ധ്യമല്ലെങ്കിൽ അതിനുപുറത്തു്, എട്ടു വർഷത്തെ സ്കൂൾ പഠിപ്പിനു സമമായ സ്കൂൾപ്പുറവിദ്യാഭ്യാസം നൽകുന്നതിനുള്ള സംവിധാനവും വിദ്യാഭ്യാസാസൂത്രണത്തിന്റെ പ്രമുഖഘടകങ്ങളാവണം; അവ വിദ്യാഭ്യാസാസൂത്രണത്തിന്റെ പ്രമുഖഘടകങ്ങളാണെന്നു് നാം അംഗീകരിക്കണം. അഞ്ചാം പഞ്ചവത്സരപദ്ധതിക്കാലത്തെ വിദ്യാഭ്യാസ സംവിധാനം സംബന്ധിച്ചു് തമിഴ്നാട്ടു് ഗവണ്മെണ്ടു തയ്യാറാക്കിയ ഒരു രേഖയിൽ ഈ രണ്ടു പ്രവർത്തനങ്ങൾക്കും—മുതിർന്നവർക്കിടയിലുള്ള വയോജന വിദ്യാഭ്യാസത്തിനും സ്കൂൾ പ്രായക്കാർക്കിടയിലുള്ള സ്കൂൾപ്പുറവിദ്യാഭ്യാസത്തിനും—സ്ഥാനം നൽകിക്കാണുകയുണ്ടായി. മുതിർന്നവർക്കിടയിൽ സാക്ഷരത്വപ്രവർത്തനത്തിനും സ്കൂളിൽ നിന്നു് ഉതിർന്നു പോകുന്ന കുട്ടികൾക്കിടയിൽ സ്കൂൾപ്പുറ (out-of-School) വിദ്യാഭ്യാസ പ്രവർത്തനത്തിനും മാത്രമായി പര്യാപ്തമല്ലെങ്കിലും ഗണ്യമായ സംഖ്യയിൽ അദ്ധ്യാപകരെ നിയമിക്കുവാൻ തമിഴ്നാട്ടു് പദ്ധതിയിൽ പണം വകയിരുത്തിയിട്ടുണ്ടു്. സാർവ്വത്രികസാക്ഷരത്വമെന്ന ലക്ഷ്യം അടുത്ത നൂറാണ്ടിലെങ്കിലും കേരളം നേടണമെങ്കിൽ ഇന്നുതന്നെ ഈ പരിപാടികൾ നാം അംഗീകരിച്ചേ മതിയാവൂ.

എന്നാൽ കേരളത്തിലെ വിദ്യാഭ്യാസം സംബന്ധിച്ച അടുത്ത പഞ്ചവത്സര പദ്ധതി തയ്യാറാക്കിയവർ ഈ പ്രശ്നങ്ങളെ കാണാൻതന്നെ കൂട്ടാക്കിയിട്ടില്ല. അദ്ധ്യാപകരുടെയും ക്ലാസ്സുമുറികളുടെയും സ്കൂളുകളുടെയും എണ്ണം കൂട്ടുക മാത്രമാണു് അവരുടെ ദൃഷ്ടിയിൽ ഇവിടെ വിദ്യാഭ്യാസാസൂത്രണം! ഈ പദ്ധതി, മറ്റെന്തായാലും, ആസൂത്രിത വികസനത്തിന്നു് ആധാരമാകുന്ന ഒരു രേഖയല്ല. വിദ്യാഭ്യാസത്തിൽ മൗലികമായ ഒരു ഗുണപരിവർത്തനത്തെ അതു ലക്ഷ്യമാക്കുന്നില്ല.

## നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം

നിരക്ഷരത്വ നിർമ്മാർജ്ജനത്തോടൊപ്പം പ്രാധാന്യമുള്ള ഒരു പരിഷ്കാരമാണു് ഏഴുവർഷത്തെപ്രാഥമികവിദ്യാഭ്യാസമെങ്കിലും എല്ലാവർക്കും നിർബന്ധിതമാക്കുകയെന്നതു്. ലോകത്തിലെ മിക്ക രാജ്യങ്ങളിലുംപത്തോ, പതിനൊന്നോ, പന്ത്രണ്ടോ വർഷത്തെ സെക്കൻഡറി വിദ്യാഭ്യാസം ഇന്നു് സാർവ്വത്രികമായിത്തീർന്നിട്ടുണ്ടു്. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സാങ്കേതികവിദ്യക്കു പ്രവേശം ലഭിച്ചിട്ടുള്ള ഈ യന്ത്രയുഗത്തിൽ ജനാധിപത്യ വ്യവസ്ഥിതിക്കു കീഴിൽ ഫലപ്രദമായി ജീവിക്കുന്നതിന്നു് ഇത്രയും കാലത്തെയെങ്കിലും പരിശീലനം ഓരോ വ്യക്തിക്കും ആവശ്യമാണു്. റേഡിയോ, പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ വഴി പുതിയ അറിവു് നമ്മിലേക്കു് നിരന്തരമായി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ത്യാജ്യഗ്രാഹ്യവിവേചനത്തോടെ ഈ അറിവു് ഉൾക്കൊള്ളാൻ കഴിയണമെങ്കിൽ ഏററവും ചുരുങ്ങിയതു് ഏഴു കൊല്ലത്തെ പഠിപ്പെങ്കിലും കൂടിയേ കഴിയൂ. സയൻസും സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തി കാർഷിക വ്യവസായികോൽപാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനു് ഇതു് അനുപേക്ഷണീയമാകുന്നു. അതിനാൽ, ഗാന്ധിജി നിർദ്ദേശിച്ച പോലെ, പ്രാഥമികവിദ്യാഭ്യാസം ഏഴു വർഷത്തെ ഒരു നിരന്തരപ്രക്രിയയാക്കുകയും, അതു് എല്ലാവർക്കും നിർബന്ധമാക്കുകയും, ചെയ്യുന്നതു് അടുത്ത പഞ്ചവത്സരപദ്ധതിക്കാലത്തു നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ രണ്ടാമത്തെ ലക്ഷ്യമായി പ്രഖ്യാപിക്കേണ്ടതാണെന്നു് ഞാൻ കരുതുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തിൽ വന്നു കൊണ്ടിരിക്കുന്ന നിർവ്വിചാരമായ വികസനം അടുത്ത അഞ്ചു വർഷത്തേയ്ക്കു തികച്ചും നിർത്തിവെച്ചു് അതിന്നായി ചെലവഴിക്കുന്ന പണം പ്രാഥമികവിദ്യാഭ്യാസത്തിനു തിരിച്ചുവിടുന്നതു് സോഷ്യലിസത്തിലേയ്ക്കുള്ള നമ്മുടെ പുരോഗതിയെ ത്വരിപ്പിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇങ്ങനെയൊരു ചിന്താഗതി തന്നെ നമ്മുടെ വിദ്യാഭ്യാസാസൂത്രകരിൽ ഉളവായതായിക്കാണുന്നില്ല. 1973-74ൽ 6മുതൽ 11വരെ വയസ്സുള്ള കുട്ടികളിൽ 90 ശതമാനവും സ്കൂളിൽ ആരുടെ പ്രേരണയും കൂടാതെ ചേരും; ബാക്കിയുള്ളവരെ കൂടി സ്കൂളിൽ കൊണ്ടു വരാൻ, ഇന്നു് സ്കൂളില്ലാത്ത പ്രദേശങ്ങളിൽ 300-ഓ 400-ഓ പ്രാഥമിക വിദ്യാലയങ്ങൾ കൂടി പുതു

(ശേഷം 14-ാം പേജിൽ)

## സാമൂഹ്യ പരിവർത്തനത്തിനു് ഉതകണം

(8-ാം പേജിൽനിന്നു തുടർച്ച)

തായി തുടങ്ങുകയേ ഒന്നു—ഇതാണു് 5-ാം പഞ്ചവത്സര പദ്ധതിയുടെ കരട് രേഖ ഈ സുപ്രധാന പ്രശ്നത്തിനു നിർദ്ദേശിക്കുന്ന പരിഹാരം ! നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി അവർ ആലോചിച്ചിട്ടേ ഇല്ല. നിർബന്ധം കൂടാതെ തന്നെ വിദ്യാഭ്യാസം ഇവിടെ സാർവ്വത്രികമാകുമെന്നാണു് അവരുടെ പ്രതീക്ഷ! നമ്മുടെ വിദ്യാഭ്യാസാസൂത്രണത്തിന്റെ രണ്ടാമത്തെ വലിയ പോരായ്മ ഇതാണെന്നു് എനിക്കു തോന്നുന്നു.

### തൊഴിൽ പരിചയം

വിദ്യാഭ്യാസത്തിന്റെ ഗുണം (quality) ഉയർത്തുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി അഞ്ചാം പദ്ധതിയുടെ കരട് രേഖയിൽ ചില പ്രസ്താവനകളുണ്ടു്. ഉപകരണങ്ങളും പഠനസഹായികളും വാങ്ങുന്നതിനായി ആണ്ടിൽ 1400 പ്രാഥമികവിദ്യാലയങ്ങൾക്കും 520 യു. പി. സ്കൂളുകൾക്കും 500 രൂപ വീതം നൽകുക, കണക്കു്, സയൻസ് എന്നിവയുടെ സിലബസ്സുകൾ പരിഷ്കരിക്കുക, 3-ാം സ്റ്റാൻഡേർഡിലെ ഷിഫ്ററ് അവസാനിപ്പിക്കുക, 250 വലിയ പ്രൈമറി സ്കൂളുകളിൽ ഒരു അദ്ധ്യാപകനെ വീതം കൂടുതലായി നിയമിക്കുക മുതലായവയാണു് പ്രൈമറി വിദ്യാഭ്യാസത്തിന്റെ "ഗുണം" ഉയർത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മാർഗ്ഗങ്ങൾ. സെക്കണ്ടറി സ്കൂളുകളിലും ഏറെക്കുറെ ഈ കാര്യങ്ങൾ തന്നെ പ്രസക്തമായ വ്യത്യാസങ്ങളോടെ ഗുണമുയർത്തലിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസം "നിർഗ്ഗുണ"മായതു് ഈ രാജ്യത്തിലെ പരിതഃസ്ഥിതിയുമായി, ഇവിടത്തെ അദ്ധ്വാനജീവിതവുമായി, അതിനൊരു ബന്ധവുമില്ലാത്തതുകൊണ്ടാണു്. ഈ നിർഗ്ഗുണതയുടെ പരിഹാരമാകട്ടെ തൊഴിൽപരിചയത്തെ വിദ്യാഭ്യാസത്തിന്റെ കേന്ദ്രസ്ഥാനത്തു് ദൃഢമായി പ്രതിഷ്ഠിക്കുകയത്രേ. അഞ്ചാം പദ്ധതിയുടെ കരട് രേഖയിൽ വിദ്യാഭ്യാസത്തിന്റെ "ഗുണം" ഉയർത്തുന്നതുമായി തൊഴിൽ പരിചയത്തെ ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏറെക്കുറെ ഇന്നത്തെ നാമമാത്രതൊഴിൽപ്പരിചയ പരിപാടികൾ തുടർന്നു പോകാനുള്ള പരിപാടിയേ പേർത്തും കാണുന്നുള്ളു. എസ്. എസ്. എൽ. സിയ്ക്കു ശേഷം 130 ഹൈസ്കൂളുകളിൽ ഒരു 'തൊഴിലാഭിമുഖ്യവല്ക്കരണം' (Vocationalisation) തുടങ്ങുമെന്നും 100 ഹൈസ്കൂളുകളിൽ പെൺകുട്ടികൾക്കു് പ്രത്യേകമായ തൊഴിൽപ്പരിപാടി ഉണ്ടാക്കുമെന്നും അദ്ധ്യാപകർക്കു് തൊഴിൽപരിചയപരിശീലനം നൽകുന്നതിനായി ഒരു ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുമെന്നും പറഞ്ഞിട്ടുള്ളതു് ഇവിടെ അവഗണിക്കുന്നില്ല. എന്നാൽ ഇന്നത്തെ തൊഴിൽ വിരുദ്ധവിദ്യാഭ്യാസത്തിന്റെ മീതെ അൽപം "തൊഴിൽ പരിചയം" തേച്ചുകൊടുക്കുക മാത്രമല്ല ഇതുകൊണ്ടു് ഉണ്ടാവുന്നുള്ളു. വിദ്യാഭ്യാസത്തിന്റെ കേന്ദ്രത്തിൽ തൊഴിൽപ്പരിചയത്തെ പ്രതിഷ്ഠിക്കുന്നതുകൊണ്ടുമാത്രമേ വിപ്ലവകരമായ ഒരു മാററം — ഗുണത്തിൽ ഉയർച്ച—നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഉണ്ടാവൂ. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ട മൂന്നാമത്തെ പരിഷ്കാരം ഇതാണു്. പക്ഷെ ഇതിനുള്ള യാതൊരു പരിപാടിയും പദ്ധതിയിലില്ല, ഈ പ്രശ്നത്തിന്റെ പ്രാധാന്യത്തെപ്പററി എന്തെങ്കിലും ധാരണ ആസൂത്രകന്മാർക്കുള്ളതായി കരടുരേഖ വെളിപ്പെടുത്തുന്നുമില്ല.

### പ്രാദേശിക ഭാഷാമാധ്യമം

അഞ്ചാം പദ്ധതിക്കാലത്തു് ഉന്നത വിദ്യാഭ്യാസത്തിന്നായി 8 കോടി ക. യാണു് കൂടുതലായി വകയിരുത്തിയിട്ടുള്ളതു്. ഇതിൽ മൂന്നുകോടി ക. സർവ്വകലാശാലകൾക്കു് വികസന ഗ്രാൻറായി നൽകാനും 5 കോടി ക. കൊണ്ടു് കോളേജ് വിദ്യാഭ്യാസം പരിഷ്കരിക്കാനുമാണു് ഉദ്ദേശിച്ചിട്ടുള്ളതു്. കോളേജുകൾ നാട്ടിൽ അധികമായിരിക്കുന്നു എന്നു പരാതിയുണ്ടെങ്കിലും 150 ലക്ഷം രൂപ പുതിയ സർക്കാർകോളേജുകൾ തുടങ്ങാനായി നീക്കി വെച്ചിരിക്കുന്നു.

കോളേജ് വിദ്യാഭ്യാസത്തെപ്പററിയേടത്തോളം എത്രയോ മുമ്പു വരുത്തേണ്ടിയിരുന്ന മൗലികമായ ഒരു പരിഷ്കാരമാണു് മാധ്യമം പ്രാദേശിക ഭാഷയാക്കുകയെന്നതു്. കേരളം ഒഴിച്ചുള്ള എല്ലാ സ്റ്റേററുകളും ഈ രംഗത്തിൽ ബഹുദൂരം മുന്നോട്ടു പോയിരിക്കുന്നു. എന്നാൽ ഈ വിഷയത്തെപ്പററി പദ്ധതിയുടെ കരടുരേഖ അർത്ഥഗർഭമായ മൗനം പാലിക്കുകയാണു് ചെയ്യുന്നതു്.

വിദ്യാഭ്യാസസമ്പ്രദായത്തിന്നു് നമ്മുടെ പരിതഃസ്ഥിതിയിൽ, നമ്മുടെ സമുദായത്തിൽ, എന്തെങ്കിലും പ്രസക്തി ഉളവാക്കണമെങ്കിൽ അടിയന്തിരമായും നടപ്പിലാക്കേണ്ട നാലു പരിഷ്കാരങ്ങളെപ്പററിയാണു് ഇതു വരെ പ്രസ്താവിച്ചതു്. നിരക്ഷരതാ നിർമ്മാർജ്ജനം, നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസവിതരണം, തൊഴിൽപ്പരിചയം, പ്രാദേശിക ഭാഷാമാധ്യമം എന്നീ നാലു കാര്യങ്ങളിലും കേരളത്തിന്റെ അഞ്ചാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയ വിദ്യാഭ്യാസപദ്ധതിയുടെ നിലപാടു് നമ്മുടെ വിദ്യാഭ്യാസത്തെ ഇന്നു് അതെത്തിനിൽക്കുന്ന ദൂഷിത വലയത്തിൽ നിന്നു പുറത്തുകൊണ്ടുവരാനുള്ള ഒന്നാണെന്നു കണക്കാക്കാൻ പ്രയാസമാണു്.

## വിശ്വവേദി

(10-ാം പേജിൽനിന്നു് തുടർച്ച)

### ബർമ്മ എങ്ങോട്ടു്?

ഇരുപത്താറാമത്തു സ്വാതന്ത്ര്യ വാർഷികം ആഘോഷിച്ചുകൊണ്ടു ബർമ്മ ഒരു സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് ഭരണഘടന സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഒരു കക്ഷിമാത്രം പ്രവർത്തനം നടത്തുന്നതായിരിക്കും ഈ റിപ്പബ്ലിക്ക് എന്നൊരു വ്യത്യാസമുണ്ടു്. നെവിൽ ഗവർമ്മെണ്ടു രാജ്യരക്ഷയുടെ പേരിൽ ജയിലിൽ പാർപ്പിച്ചിരുന്ന 2246 രാഷ്ട്രീയ തടവുകാർക്കു് അന്നു മോച